**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **15-10-2024 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര വികസനത്തിനും ചരക്ക് നീക്കത്തിനും നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്നവിധം സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള മാരിടൈം ബോർഡിന് കീഴിലുള്ള നാല് നോൺ മേജർ തുറമുഖങ്ങൾ ചരക്ക് നീക്കത്തിനും വിനോദസഞ്ചാര വികസനത്തിനും ഉതകുന്ന തരത്തിൽ സർവീസ് നടത്തുന്നതിന് അനുയോജ്യമാണ്. എന്നാൽ നിലവിലെ അവസ്ഥയിൽ ചരക്ക് നീക്കവും പാസഞ്ചർ കപ്പലുകളുടെ നീക്കവും ക്രൂയിസ് വെസലുകളുടെ ഓപ്പറേഷനും പരിമിതമായി മാത്രമേ നടക്കുന്നുള്ളൂ. ഇതിനെ പരിപോഷിപ്പിക്കുന്നതിനായി കേരള മാരിടൈം ബോർഡ് ചരക്ക് കപ്പൽ മേഖലയിലെ സർവീസ് പ്രൊവൈഡേഴ്സുമായും വ്യാപാര മേഖലയിലെ പ്രമുഖരുമായും ചർച്ച നടത്തി വരികയാണ്. നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ചരക്ക ഗതാഗതം പുനരാരംഭി ക്കുന്നതിനായി 2023 ഒക്ടോബറിൽ മുംബൈയിൽ വെച്ച് നടന്ന ഗ്ലോബൽ മാരിടൈം ഇന്ത്യ സമ്മിറ്റിൽ മുംബൈ ആസ്ഥാനമാക്കിയുള്ള ഒരു സ്ഥാപനം സമർപ്പിച്ച നിർദ്ദേശം കേരളമാരിടൈം ബോർഡിന്റെ പരിഗണനയിലാണ്. |
| (ബി) | തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ കേരള മാരിടൈം ബോർഡിന് കീഴിലുള്ള നാല് തുറമുഖങ്ങളിലും തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും മറൈൻ ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെട്ട ത്തുന്നതിനുമായുള്ള അടിസ്ഥാന സൗകര്യം നിലവിലുണ്ട്. തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്ന തിനും ആവശ്യമെങ്കിൽ അഡീഷണൽ വാർഫുകൾ നിർമ്മിക്കുന്നതിനും കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ